**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1265** **07-10-2021 - ൽ മറുപടിയ്ക്ക്**

**ടൂറിസത്തിന് വ്യവസായ പദവിക്കനുസൃതമായ ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തകർച്ചയിലായ ടൂറിസത്തെ പുനരുജ്ജീവിപ്പിക്കുവാൻ എന്തെങ്കിലും ആനുകൂല്യങ്ങളും നടപടികളും സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | കോവിഡ് 19 ന്റെ ഒന്നും രണ്ടും തരംഗങ്ങൾ സംസ്ഥാനത്തെ വിനോദസഞ്ചാരമേഖലയെ ഏറെ പ്രതികൂലമായി ബാധിച്ചിരുന്നു. അത് പരിഹരിക്കാനായി സർക്കാർ നടപ്പിലാക്കിയ വിവിധ സ്കീമുകളാണ് ടൂറിസം വർക്കിംഗ് ക്യാപിറ്റൽ സപ്പോർട്ട് സ്കീം, ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം, ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം, ടൂറിസം ഹൗസ്ബോട്ട് സപ്പോർട്ട് സ്കീം എന്നിവ. ഇതുമൂലം വിനോദസഞ്ചാരമേഖലയിലെ നിരവധി നിക്ഷേപകർക്കും തൊഴിലാളികൾക്കും പ്രത്യക്ഷമായും പരോക്ഷമായും ഏറെ ഗുണം ചെയ്തിരുന്നു. ഈ പദ്ധതികളിൽ ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം ഒഴികെയുള്ള പദ്ധതിയുടെ കാലാവധി 31-12-2021 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം ദീർഘിപ്പിച്ചു നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. സംസ്ഥാനത്ത് കോവിഡ് മൂലം പ്രയാസമനുഭവിക്കുന്ന വിവിധ ടൂറിസം മേഖലയിലുള്ളവർക്ക് സഹായകരമാകുന്ന വിവിധ ധനസഹായ പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ട്. റിവോൾവിംഗ് ഫണ്ട് പദ്ധതി കോവിഡ് മഹാമാരിയുടെ വ്യാപനത്തെത്തുടർന്ന് പ്രതിസന്ധിയിലായ ടൂറിസം മേഖലയിലെ തൊഴിലാളികളെയും ചെറുകിട സംരംഭകരെയും ഉത്തരവാദിത്ത ടൂറിസം മിഷൻ യൂണിറ്റുകളെയും സംരംഭകരെയും സാമ്പത്തികമായി സഹായിക്കുന്നതിനുള്ള റിവോൾവിംഗ് ഫണ്ട് പദ്ധതിയ്ക്ക് 10 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. വർക്കിംഗ് ക്യാപ്പിറ്റൽ ലോൺ അസിസ്റ്റൻറ് സ്കീം ടൂറിസം സംരംഭകർക്കായി കെ.എഫ്.സി. മുഖാന്തരം സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 400 കോടി രൂപയുടെ പദ്ധതിയാണ് ഇത്. ഈ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് അനുയോജ്യമായ ഒരു രൂപരേഖ |

| | | | |
|---|---|---|---|
| | | | തയ്യാറാക്കാൻ കെ.എഫ്.സിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. കോവിഡ് മഹാമാരി മൂലം പ്രതിസന്ധിയിലായ ട്രാവൽ & ടൂറിസം ഓപ്പറേറ്റർമാരെ സഹായിക്കുന്നതിനായി ഒറ്റത്തവണ ധനസഹായ പദ്ധതി സർക്കാർ പരിശോധിച്ചു വരുന്നു. കൂടാതെ സമൂഹ മാധ്യമങ്ങളിലൂടെ കോവിഡാനന്തര മാർക്കറ്റിംഗ് നടത്തുന്നതിനായി മാർക്കറ്റിംഗ് ഡെവലപ്പ്മെന്റ് അസിസ്റ്റന്റ് സ്കീമും പരിശോധിച്ചു വരുന്നു. |
| (ബി) | ടൂറിസത്തിന് വ്യവസായ പദവി ലഭിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും വ്യവസായങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ ലഭ്യമാകാത്തത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നൽകുമോ; | (ബി) | ഇക്കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ട്. എന്നാൽ ടൂറിസം വ്യവസായ സംരംഭകർക്ക് സംസ്ഥാന ടൂറിസം വകുപ്പിന്റെയും കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെയും അംഗീകാരമുള്ള യൂണിറ്റുകൾക്ക് ഇൻവെസ്റ്റ് മെന്റ് സബ്സിഡി നൽകി വരുന്നു. |
| (സി) | കേന്ദ്ര എം.എസ്.എം.ഇ. നിയമവും വ്യവസായ പദവിയും അനുസരിച്ചുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കിയാൽ ടൂറിസം മേഖലയിലെ നിക്ഷേപത്തിലും വളർച്ചയിലും വൻ മുന്നേറ്റം ഉണ്ടാകുമെന്ന കാര്യം പരിശോധിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ